# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്തചോദ്യം നം. T 768</u>

<u>10.06.2015- ൽ മറുപടി.</u>

## ഇരുപത്തിനാലു മണിക്കൂർ പോസ്റ്റുമോർട്ടം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ. വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഇരുപത്തിനാലു മണിക്കൂർ പോസ്റ്റ്മോർട്ടത്തിനുള്ള സൗകര്യം ഏർപ്പെടുത്തുന്ന കാര്യത്തിൽ നല്കിയ ഉറപ്പ് നടപ്പിലാക്കിയിട്ടുണ്ടോ; | (എ) 24 മണിക്കൂറും പോസ്റ്റ്മോർട്ടം നടത്തുന്നതിന്റെ ഭാഗമായി രാത്രി കാലങ്ങളിൽ പോസ്റ്റ്മോർട്ടം നടത്തുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഈ ഉത്തരവിൽ പറയുന്ന ഉപാധികൾ നടപ്പിലാക്കിക്കൊണ്ടും ഇതിനാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കിക്കൊണ്ടും ഈ വിഷയം സംബന്ധിച്ചു നൽകിയിട്ടുള്ള ഉറപ്പ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) എങ്കിൽ ഏതൊക്കെ ആശുപത്രികളിൽ അതു നടപ്പാക്കിയിട്ടുണ്ടെന്നതു സംബന്ധിച്ച വിശദവിവരം നല്കാമോ; | (ബി) നിലവിൽ സർക്കാർ ആശുപത്രികളിൽ ഒന്നും തന്നെ 24 മണിക്കൂർ പോസ്റ്റ്മോർട്ടത്തിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. |
| (സി) ഇല്ലെങ്കിൽ പ്രസ്തുത ഉറപ്പ് അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ